# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ദേശീയപാതയിൽ ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മാണം നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

1064 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതയിൽ ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മാണം നടത്താനുള്ള എത്ര പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) നിർദ്ദേശിക്കപ്പെട്ട റോഡ് നിർമ്മാണ പദ്ധതികളുടെ പേരു വിവരം വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളെ ഇതിനകം കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതികൾ എല്ലാം പൂർത്തിയാകുന്നതോടെ ദേശീയപാതയിൽ എത്ര ടോൾ ബൂത്തുകൾ നിലവിൽ വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഭൂമി ഏറ്റെടുക്കലും പുനരധിവാസ പദ്ധതിയും

1065 ശ്രീ. സി.എഫ്. തോമസ്
ശ്രീ. ഡോ.എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ വികസന പദ്ധതികള്‍ക്കായി ഭൂമി ഏറ്റെടുക്കുന്ന സാഹചര്യങ്ങളിലെ പുനരധിവാസ പദ്ധതി എന്നു മുതല്‍ക്കാണ് നടപ്പാക്കുന്നത്;

(ബി) ഏതു നിലവാരത്തിലുള്ള റോഡുകളുടെ സ്ഥലമേറ്റെടുക്കലുകളാണ് ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്;

(സി) പുനരധിവാസ പദ്ധതി സംബന്ധിച്ച് വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ദേശീയപാത 47 ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

1066 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47 ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ മറ്റെങ്ങും 45 മീറ്ററിൽ കൂടുതൽ ഭൂമി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 60 മീറ്റർ സ്ഥലമെടുത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഒരേ സർവ്വേ നമ്പരിലുള്ള തൃശ്ശൂർ ജില്ലയിലെ വാണിയമ്പാറയിലെ നഷ്ടപരിഹാര തുകയും പാലക്കാട് ജില്ലയിലെ വാണിയമ്പാറയിലെ നഷ്ടപരിഹാര തുകയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥലത്ത് 60 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുത്ത നടപടികളുടെ പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ദേശീയപാത വികസനം സംബന്ധിച്ച നയം</u>

1067 ശ്രീ. സണ്ണി ജോസഫ്
,, വി. ഡി. സതീശൻ
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനം സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണെന്ന് വിശദീകരിക്കുമോ;

(ബി) ദേശീയപാത വികസനം എത്രയും വേഗം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന ബി. ഒ. റ്റി., പി. പി. പി. പദ്ധതികളെ സംബന്ധിച്ചുള്ള കേരളത്തിന്റെ സമീപനമെന്താണ്;

(ഡി) ഇതു സംബന്ധിച്ചുള്ള ഇപ്പോഴത്തെ കേന്ദ്രനിലപാട് എന്താണ്;

(ഇ) ദേശീയപാത വികസനം സംബന്ധിച്ച് എത്രയും പെട്ടെന്ന് തീരുമാനം എടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഭരണാനുമതി നൽകിയ നിർമ്മാണ പ്രവൃത്തികൾ

1068 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 01.06.2011 മുതൽ 15.09.2011 വരെ എത്ര നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; ജില്ലാടിസ്ഥാനത്തിൽ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഓരോ ജില്ലയിലും നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വിശദമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിലെ ഓരോ അസംബ്ലി മണ്ഡലത്തിലും, എത്ര കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കാസർഗോഡ്-തലപ്പാടി നാലുവരിപ്പാത നിർമ്മാണം</u>

1069 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തലപ്പാടിവരെയുള്ള ദേശീയ പാതയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലപ്പാടിവരെ നാലുവരിപ്പാത നിർമ്മാണം കർണ്ണാടക സർക്കാർ ധൃതഗതിയിൽ നടത്തിവരുമ്പോൾ തലപ്പാടി മുതൽ കാസർഗോഡ് വരെ നാലുവരിപ്പാത നിർമ്മാണം ആരംഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തെ നാലുപരിപ്പാതയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

കണ്ണൂർ ജില്ലയിലെ നാഷണൽ ഹൈവേ നാലുവരി യാക്കാൻ നടപടി

1070

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നാഷണൽ ഹൈവേകളിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ നാഷണൽ ഹൈവേകളാണ് നാലുവരിയാക്കി വികസിപ്പിക്കുന്നത്;

(സി) കണ്ണൂർ ജില്ലയിലെ നാഷണൽ ഹൈവേ നാലു ലൈൻ ആക്കി വികസിപ്പിക്കുന്നുണ്ടോ;

(ഡി) ഇതിന്റെ അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ;

(ഇ) അലൈൻമെന്റ് പ്ലാൻ എവിടെയാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>റോഡ് ഫണ്ട് ബോർഡിലെ നിയമനങ്ങൾ</u>

1071 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കേരള റോഡ് ഫണ്ട് ബോർഡിൽ ഏതെങ്കിലും തസ്തികയിലേക്ക് പുതുതായി നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികയിലേക്ക് ഏതെല്ലാം പത്രങ്ങളിൽ അതിനായി പരസ്യം നൽകുകയുണ്ടായി; പരസ്യത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എത്രയാളുകൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി; പ്രസ്തുത തസ്തികയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) റോഡ് ഫണ്ട് ബോർഡ് നിയമനത്തിന് നിയമന വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>റോഡുകളുടെ നവീകരണ പദ്ധതി</u>

1072 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുതായി ഏറ്റെടുക്കുന്ന റോഡുകളുടെ നവീകരണ പദ്ധതിയിൽ പ്രധാനപ്പെട്ട റോഡുകളായ വളാഞ്ചേരി, ചെർപ്പുളശ്ശേരി, തൃത്താല കൊപ്പം-ചെർപ്പുളശ്ശേരി എന്നീ രണ്ട് പ്രധാന റോഡുകൾ ഏറ്റെടുക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ഒരു മണ്ഡലത്തിൽ രണ്ട് റോഡുകളുടെ നവീകരണം പദ്ധതി

1073 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു മണ്ഡലത്തിൽ രണ്ട് റോഡുകളുടെ നവീകരണം എന്ന പദ്ധതിയ്ക്ക് എത്ര തുക മാറ്റി വച്ചിട്ടുണ്ട് ;

(ബി) എത്ര തുകവരെയുള്ള പദ്ധതികൾക്കാണ് ഭരണാനുമതി നൽകുന്നത് ;

(സി) ഒരു റോഡിനുവേണ്ടി ചെലവഴിക്കാവുന്ന തുകയ്ക്ക് പരിധി ഉണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>തലശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ</u>

1074 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡുകളായ ചൊക്ലി-പൂക്കോം-മാടപ്പീഠിക റോഡ്, പള്ളിക്കുനി പെരിങ്ങാടി റോഡ്, മാഹി-ചൊക്ലി റോഡ്, കാപ്പുമ്മൽ-കതിരൂർ റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി</u>

1075 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം കുട്ടനാട്ടിലേക്ക് അനുവദിച്ച 25 റോഡു നിർമ്മാണ പ്രവൃത്തികളിൽ കരാർ വച്ച് നിർമ്മാണം പൂർത്തീകരിച്ചതും ആരംഭിച്ചതുമായ പ്രവൃത്തികളുടെ വിശദ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ടെണ്ടർ നടപടികൾ സ്വീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ഏലത്തൂർ നിയോജകമണ്ഡലത്തിലെ കൈരളി റോഡിന്റെ നിർമ്മാണ പുരോഗതി

1076 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏലത്തൂർ നിയോജകമണ്ഡലത്തിൽ കൈരളി റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വൈപ്പിന്‍ മണ്ഡലത്തിലെ റോഡുകള്‍ സഞ്ചാരയോഗ്യമാക്കുവാന്‍ നടപടികള്‍</u>

1077 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തിലെ സ്റ്റേറ്റ് ഹൈവേ, അദര്‍ ഡിസ്ട്രിക്ട് റോഡ്, പൊതുമരാമത്തിന്റെ കീഴിലുള്ള മറ്റു റോഡുകള്‍ ഇവ ഏതൊക്കെയെന്നും അവയുടെ നീളവും വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ സഞ്ചാരയോഗ്യമല്ലാത്ത പി.ഡബ്ല്യു.ഡി. റോഡുകള്‍ സഞ്ചാരയോഗ്യമാക്കുവാന്‍ കഴിഞ്ഞ വര്‍ഷം സ്വീകരിച്ച നടപടികള്‍ എന്തെല്ലാം?

## കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് റോഡുകള്‍ ഒറ്റത്തവണ പണി നടത്തി ഗതാഗതയോഗ്യമാക്കുന്ന പദ്ധതി</u>

1078 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്തുണ്ടായിരുന്ന പഞ്ചായത്ത് റോഡുകള്‍ പി.ഡബ്ല്യൂ.ഡി ഒറ്റത്തവണ പണി നടത്തി ഗതാഗതയോഗ്യമാക്കുന്ന പദ്ധതി തുടര്‍ന്നും നടപ്പിലാക്കുമോ ;

(ബി) ഈ വര്‍ഷം ഇത്തരത്തില്‍ ഏതെങ്കിലും പണികള്‍ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## നാദാപുരം മണ്ഡലത്തിലെ റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി

1079

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ ചുരം ബദൽ റോഡുകളായ വിലങ്ങാട്-പാനോം-പഴശ്ശിരാജ ചുരമില്ലാ റോഡും ചാത്തംങ്കോട്ട് നട-പൊയിലോംചാൽ -കൊടപ്പടി-വയനാട് റോഡും ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പഴയനടക്കാവ് റോഡ് നിർമ്മാണം

1080 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ പഴയനടക്കാവ് റോഡിന്റെ രണ്ടാം റീച്ച് നിർമ്മാണത്തിന് എത്ര രൂപയുടെ അടങ്കലിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്;

(ബി) എന്നാണ് ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത്;

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയതോ; എങ്കിൽ ആരാണ് കരാറുകാരൻ; കരാറുകാരൻ കരാറിൽ ഒപ്പിട്ടോ;

(ഡി) ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ഇ) എത്ര കാലം കൊണ്ട് പണി പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>അഞ്ചൽ ബൈപാസ് നിർമ്മാണം</u>

1081 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ ബൈപാസ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) അടിയന്തിരമായി ബൈപാസ് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ പണി എന്ന് ആരംഭിക്കും ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡ് നിർമ്മിക്കാൻ പദ്ധതി

1082

ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡ് നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനുവേണ്ടി നിയോഗിച്ച വിദഗ്ദ്ധ സമിതി സർവ്വേ നടത്തിയിട്ടുണ്ടോ;

(ഡി) ഏതൊക്കെ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഇ) ഇതിനുള്ള ധനം എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ നടപടി</u>

1083 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ മൂന്നാഴ്ചയ്ക്കകം അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

തകർന്നു കിടക്കുന്ന റോഡുകൾ നന്നാക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം

1084 ശ്രീ. എളമരം കരീം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെങ്ങും തകർന്നു കിടക്കുന്ന റോഡുകൾ മൂന്നാഴ്ചയ്ക്കകം നന്നാക്കണമെന്ന ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടതി നിർദ്ദേശിച്ച തീയതിയ്ക്കകം സംസ്ഥാനത്തെ എല്ലാ റോഡുകളും ഗതാഗത യോഗ്യമാക്കുമോ;

(സി) വർഷകാലത്ത് തകർന്നുപോകാത്ത നിലയിൽ എല്ലാ റോഡുകളും പൂർണ്ണതോതിൽ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതിയ്ക്ക് ഇതിനകം ഭരണാനുമതികൾ നൽകിയിട്ടുണ്ടോ; മൊത്തം എന്തുതുക ചെലവ് പ്രതീക്ഷിക്കുന്നു; ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്ര?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

കൽപ്പറ്റയിലെ കാലവർഷത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ

1085 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിൽ തകർന്ന കൽപ്പറ്റ നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾക്കായി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്ന് പഞ്ചായത്തുതല കണക്ക് ലഭ്യമാക്കുമോ;

(സി) കാലവർഷത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

പെരുകാവ് വിഴവൂർ റോഡ് ടാർ ചെയ്യാൻ നടപടി

1086 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം,പെരുകാവ്, വിഴവൂർ റോഡിന്റെ ശോചന്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഞ്ചാര യോഗ്യമല്ലാത്ത പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിനുള്ള നടപടി ഏത് ഘട്ടം വരെയായി;

(സി) ഈ റോഡ് അടിയന്തിരമായി ടാർ ചെയ്യുന്നതിനും ഓട നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വടക്കഞ്ചേരി ടൗണിലെ റോഡുകളുടെ ശോചനീയാവസ്ഥ</u>

1087

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പ്രമുഖ വാണിജ്യപട്ടണമായ വടക്കഞ്ചേരി ടൗണിലെ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിവർഷക്കാലത്ത് തകർന്നുപോകുന്ന ഈ റോഡിന്റെ ദുരവസ്ഥയകറ്റാൻ നടപടി സ്വീകരിക്കാമോ;

(സി) ഇതിനായി വടക്കഞ്ചേരി-കിഴക്കഞ്ചേരി - വടക്കഞ്ചേരി ബസാർ റോഡ് നവീകരിക്കാൻ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ;

(ഡി) ഈ റോഡ് ബി.എം. ആന്റ് ബി.സി നിർമ്മാണ രീതി അവലംബിച്ച് നവീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ റോഡുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

1088 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പി.ഡബ്ലിയൂ.ഡി. റോഡുകളും തകർന്ന് ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ റോഡുകൾ തകർന്നു കിടക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ അപ്ഗ്രേഡ് ചെയ്യുവാനാണ് പ്രൊപ്പോസൽ വന്നത് എന്ന് വിശദീകരിക്കാമോ; അതിൽ ഏതിനെല്ലാമാണ് ഭരണാനുമതി നൽകിയത്;

(ഡി) സംസ്ഥാനത്തെ തകർന്നു കിടക്കുന്ന റോഡുകൾക്ക് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) പൊതുമരാമത്തു വകുപ്പിലെ ജില്ലാതലവൻമാരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിലവിൽ എത്ര രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാകാനുള്ള അനുമതിയാണ് നൽകിയിരിക്കുന്നത്; പ്രസ്തുത തുക വർധിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>റോഡുകളുടെ ശോചനീയാവസ്ഥ</u>

1089 ശ്രീ. സി. മമ്മൂട്ടി
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, റ്റി.എ. അഹമ്മദ് കബീര്‍
,, എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മഴക്കാലത്ത് റോഡുകള്‍ ക്രമാതീതമായി തകര്‍ന്ന് ഗതാഗത യോഗ്യമല്ലാതായി മാറുന്നതിന്റെ കാരണങ്ങള്‍ പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ;

(ഡി) മഴക്കാലത്തിനു മുമ്പു രൂപംകൊളളുന്ന ചെറുകുഴികളില്‍ മഴവെളളം നിറഞ്ഞ് റോഡ്ബഡ് കുതിരുന്നതുമൂലമാണ് മഴക്കാലത്ത് റോഡുകള്‍ കൂടുതലും തകര്‍ന്നുപോകുന്നതെന്ന വസ്തുത പരിഗണിച്ച്, മഴക്കാലത്തിനു മുമ്പായി വര്‍ഷത്തില്‍ രണ്ട് തവണ ഇത്തരം കുഴികള്‍ അടയ്ക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് - കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ മണ്ണിടിച്ചിൽ പരിഹരിക്കുന്നതിന് നടപടി</u>

1090 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ ചളിയങ്കോട് മണ്ണിടിഞ്ഞ് വീണ് ഗതാഗതം തടസ്സപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണ് ഇടിഞ്ഞുവീണ് ഗതാഗതം തടസ്സപ്പെടാവുന്ന അവസ്ഥ പ്രദേശത്ത് നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പൊന്നാനി നിയോജക മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി</u>

1091 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജക മണ്ഡലത്തിലെ മിക്ക റോഡുകളും ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ അറ്റകുറ്റപണികൾക്ക് ബഡ്ജറ്റിൽ മതിയായ തുക അനുവദിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഒതളൂർ - പാവിട്ടപ്പുറം റോഡ്, എരമംഗലം- നരണിപ്പുഴ റോഡ്, ചങ്ങരംകുളം ടൗൺ റോഡ് എന്നിവയുടെ വികസന പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക വീതമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ജില്ലാതലങ്ങളിൽ റോഡ് അറ്റകുറ്റപ്പണികൾക്ക് ഫാസ്റ്റ്ട്രാക്ക് സംവിധാനം

1092

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതി മൂലം വ്യാപകമായി കേടുപാടുകൾ സംഭവിച്ച പ്രധാന റോഡുകൾ ഏറ്റെടുത്ത് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിന് ജില്ലാതലങ്ങളിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) സമയബന്ധിതമായി മരാമത്തു പ്രവൃത്തികൾ ചെയ്തു തീർക്കാത്ത കരാറുകാരെ ഒഴിവാക്കിക്കൊണ്ട് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും ഓരോ മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>റോഡുകളുടെ അറ്റകുറ്റപ്പണി</u>

1093 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ നിയമസഭാ സമ്മേളനത്തില്‍ ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ച നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള റോഡുകളുടെ പണികള്‍ ഇതിനകം എത്ര മണ്ഡലങ്ങളില്‍ ഏറ്റെടുത്തു എന്ന് വിശദമാക്കുമോ;

(ബി) എല്ലാ മണ്ഡലങ്ങളില്‍ നിന്നും പ്രൊപ്പോസലുകള്‍ ലഭിച്ചിട്ടുണ്ടോ; ലഭിച്ചവയ്ക്ക് ഭരണാനുമതി നല്‍കിത്തുടങ്ങിയോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>□വൺ ടൈം അപ്ഗ്രഡേഷൻ□ പദ്ധതി</u>

1094 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) □വൺ ടൈം അപ്ഗ്രഡേഷൻ□ പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡ് പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയ്ക്ക് ചെലവായ തുക എത്രയെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ആരംഭിച്ച പ്രവൃത്തികൾ നിർത്തിവയ്ക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

കെ.എസ്.റ്റി.പി, എം.സി റോഡിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി വിളക്കുകൾ പ്രകാശിപ്പിക്കാൻ നടപടി

1095 ശ്രീ. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി. പി. എം.സി. റോഡിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി വിളക്കുകൾ പ്രകാശിപ്പിക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വൈദ്യുതി വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത വൈദ്യുതി വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കേണ്ടത് ആരാണ് എന്ന് ധാരണ ആക്കിയിട്ടുണ്ടോ;

(ഡി) ഇല്ലാ എങ്കിൽ മേൽ വിഷയങ്ങളിൽ അടിയന്തിര ധാരണയുണ്ടാക്കി എം.സി. റോഡിലെ വൈദ്യൂതി വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>'പതിബെൽ' എം. സി. റോഡ് വികസന പദ്ധതിയിൽ നിന്ന് പിന്മാറാൻ ഇടയായ സാഹചര്യം</u>

1096 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലേഷ്യൻ കമ്പനിയായ 'പതിബെൽ' എം. സി. റോഡ് ഒന്നാംഘട്ട വികസന പദ്ധതിയിൽ നിന്ന് പിന്മാറാൻ ഇടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനി ഏതെല്ലാം റോഡ് വികസന പദ്ധതികളാണ് ഏറ്റെടുത്തിരുന്നത്;

(സി) എം. സി. റേഡ് ഒന്നാംഘട്ട വികസന പദ്ധതിയിൽ 'പതിബെൽ' കമ്പനി എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത റോഡു വികസന പദ്ധതിയിൽ നിന്ന് 'പതിബെൽ' കമ്പനി പിന്മാറിയതുവഴി ഖജനാവിന് എത്ര തുകയുടെ നഷ്ടമാണ് സംഭവിച്ചത്; ഇത്രയും ഭീമമായ തുക ഖജനാവിൽ നിന്ന് നഷ്ടപ്പെടാൻ ഇടയായതിന് ഉത്തരവാദികൾ ആരെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വിദേശകമ്പനികൾ കരാർ ചെയ്യുന്ന റോഡുകളുടെ പ്രവൃത്തികളുടെ വിശദാംശങ്ങൾ</u>

1097 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വിദേശ കമ്പനികളാണ് റോഡുപണി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്;

(ബി) നിലവിലുണ്ടായിരുന്ന ഏതെങ്കിലും കരാർ അവസാനിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം കാരണങ്ങളാണ് ഉന്നയിക്കുന്നത്;

(ഡി) പ്രസ്തുത കമ്പനി ഏറ്റെടുത്ത പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് ഘട്ടംവരെ പൂർത്തിയാക്കിയിട്ടുണ്ട്;

(ഇ) ആ ഇനത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ചമ്രവട്ടം-കുറ്റിപ്പുറം എൻ.എച്ച്. റോഡ് സഞ്ചാരയോഗ്യമാക്കാൻ നടപടി</u>

1098 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുപൊന്നാനി-കുറ്റിപ്പുറം നാഷണൽ ഹൈവേ 17 നായി സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ എൻ.എച്ച്. വരുന്നതുമൂലം നിലവിലുള്ള എൻ.എച്ച്. ആയ ചമ്രവട്ടം ജംഗ്ഷൻ-കുറ്റിപ്പുറം ഹൈവേ ഒരു പ്രവൃത്തിയും നടത്താതെ കാൽനട യാത്രപോലും അസാധ്യമായ നിലയിൽ തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റോഡ് അടിയന്തിരമായി റീടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എന്നത്തേക്ക് പ്രവൃത്തി തുടങ്ങാനാകും?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>എം.സി റോഡിൽ ആയൂരിനും ഏനാത്തിനും ഇടയിൽ അപകട കരമായ വളവുകൾ ഇല്ലാതാക്കാൻ നടപടി</u>

1099 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി പ്രകാരം നവീകരിച്ച എം.സി. റോഡിൽ ആയൂരിനും ഏനാത്തിനും ഇടയിൽ അപകട കരമായ എത്ര വളവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത ഭാഗങ്ങൾക്കിടയിൽ വച്ച് എം.സി. റോഡ് നവീകരണത്തിന് ശേഷം എത്ര റോഡപകടങ്ങൾ നടന്നിട്ടുണ്ട്;

(സി) പ്രസ്തുത അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ഡി) പ്രസ്തുത ഭാഗത്തെ അപകടകരമായ വളവുകൾ ഇല്ലാതാക്കുന്നതിനും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ദേശീയപാതയിൽ കഴക്കൂട്ടം-ആറ്റിങ്ങൽ ഭാഗത്തിന്റെ വീതികൂട്ടാൻ നടപടി</u>

1100 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം- ആറ്റിങ്ങൽ ദേശീയ പാതയിൽ കഴക്കൂട്ടം മുതൽ ആറ്റിങ്ങൽ വരെ ടാർ റോഡിന് ഇരുവശത്തും ദേശീയ പാതയ്ക്ക് വീതി കുട്ടുവാൻ സ്ഥലം വിട്ടുകിട്ടിയിട്ടും റോഡിന് വീതി കൂട്ടാൻ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം- ആറ്റിങ്ങൽ ദേശീയപാതയിൽ ആറ്റിങ്ങലിലും കഴക്കൂട്ടത്തും അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റോഡ് വീതികൂട്ടാൻ സ്ഥലം ഉടമകൾ ഭൂമി വിട്ടു നൽകാൻ തയ്യാറായിട്ടുള്ളതിനാൽ തിരക്കേറിയ ആറ്റിങ്ങൽ പട്ടണത്തിലെ റോഡിന്റെ വീതി കൂട്ടാൻ നടപടി സ്വീകരിക്കുമോ;

(ഡി) റോഡിന്റെ വീതിക്കുറവും, ബസ്ബെ ഇല്ലാത്തതും, റോഡ് സുരക്ഷാക്രമീകരണങ്ങളുടെ അഭാവവും മൂലം നാഷണൽ ഹൈവേയിൽ ആലംകോട് മുതൽ പൂവമ്പാറ, മാമം, തോന്നയ്ക്കൽ വരെ സ്ഥിരമായി റോഡപകടങ്ങളിൽ നിരവധിയാളുകൾ കൊല്ലപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് റോഡ് സുരക്ഷാ ഏജൻസിയെക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ആറ്റിങ്ങൽ പട്ടണത്തിൽ ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രവർത്തിപ്പിക്കാൻ സാധിക്കാത്തവ മാറ്റിസ്ഥാപിക്കുവാൻ ഏജൻസിയോട് ആവശ്യപ്പെടുമോ;

(എഫ്) റോഡ് സുരക്ഷയ്ക്കായി നാഷണൽ ഹൈവേ അതോറിറ്റി, റോഡ് സേഫ്റ്റി അതോറിറ്റി, നാറ്റ്പാക്, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

**തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് ബൈപ്പാസുകളുടേയും വണ്ടിപ്പെരിയാർ ദേശീയ പാതയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ**

1101 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് ബൈപ്പാസുകളുടേയും വണ്ടിപ്പെരിയാർ ദേശീയ പാതയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തികരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

റോഡുകളുടെ സംരക്ഷണത്തിന് നടപടി

1102 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകൾക്ക് തകർച്ച നേരിടുന്ന തരത്തിൽ ഡ്രെയിനേജുകൾ തടസ്സപ്പെടുത്തുകയോ റോഡ് സൈഡിൽ നിർമ്മാണ വസ്തുക്കൾ ഇറക്കിയിടുകയോ ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കുവാൻ പൊതുമരാമത്ത് വകുപ്പിന് അധികാരമുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അധികാരം ഏത് വകുപ്പ്, ചട്ടം എന്നിവ പ്രകാരമെന്ന് വകുപ്പ്, ചട്ടം എന്നിവയുടെ പകർപ്പുകൾ സഹിതം വ്യക്തമാക്കുമോ;

(സി) നിയമപരമായ ഈ അധികാരം ഉപയോഗിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് തകർച്ചയ്ക്ക് കാരണമായവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>റോഡ് പരാതികൾക്കുള്ള കോൾ സെന്ററിന്റെ പ്രവർത്തനം</u>

1103 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡ് സംബന്ധിച്ച പരാതികൾ അറിയിക്കുവാൻ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ വർഷം എത്ര പരാതികൾ കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി; ഇതിൽ 48 മണിക്കൂറിനകം പരിഹരിക്കപ്പെട്ട പരാതികൾ എത്ര; ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്ന പരാതികൾ എത്രയാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

**സംസ്ഥാന റോഡുകൾക്ക് എ.ഡി.ബി. വായ്പാ സഹായം ലഭിക്കാനുള്ള വ്യവസ്ഥകൾ**

1104 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ പുനർനിർമ്മിക്കാൻ എ.ഡി.ബി. സഹായം നേടാൻ ശ്രമം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിനായി പ്രത്യേക കമ്പനി രൂപീകരിക്കാനുദ്ദേശമുണ്ടോ; ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പദ്ധതി തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; പ്രോജക്ട് റിപ്പോർട്ട് എന്നത്തേക്ക് തയ്യാറാകും;

(ഡി) റോഡ് ഫണ്ട് ബോർഡിന്റെ സാങ്കേതിക അവലോകന സമിതി ഇക്കാര്യം പരിഗണിക്കുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) എ.ഡി.ബി സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; പലിശ എത്ര ശതമാനമാണ്; എത്ര കാലയളവിനുള്ളിൽ തിരിച്ചടക്കേണ്ടതുണ്ട്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>റോഡുകൾ പ്ലാസ്റ്റിക് ടാറിംഗ് ചെയ്യുന്ന നടപടി</u>

1105 ശ്രീ. സി.എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് ചേർത്ത് ഏതൊക്കെ റോഡുകൾ ടാറിംഗ് നടത്തിയിട്ടുണ്ട്;

(ബി) ഇങ്ങനെയുളള സംവിധാനത്തിൽ ടാറിങ്ങിന്റെ ആയുസ് കൂടുതൽ കാലത്തേക്ക് നിലനിൽക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>റബ്ബറൈറെസ്ഡ് ടാറിംഗിന് നടപടി</u>

1106 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ ചേർത്ത ടാർ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന്റെ മേന്മകൾ എന്തെല്ലാമാണ്;

(ബി) കേരളത്തിലെ എല്ലാ റോഡുകളും പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ചമ്രവട്ടം-തിരൂര്‍-താനൂര്‍ റോഡ് റബ്ബറൈസ്ഡ് ചെയ്യാന്‍ നടപടി</u>

1107 ഡോ. കെ.ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചമ്രവട്ടം പദ്ധതി വരുന്നതോടെ ചമ്രവട്ടം-തിരൂര്‍-താനൂര്‍ റോഡ് റബ്ബറൈസ് ചെയ്യാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ ഈ സാമ്പത്തിക വര്‍ഷം തന്നെ അതിന് ആവശ്യമായ തുക വകയിരുത്തുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ടോൾ പിരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ</u>

1108

ശ്രീ. എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ
,, പി. ശ്രീരാമകൃഷ്ണൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ റോഡുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടോൾ പിരിക്കുന്നതിന് കേന്ദ്രം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബി.ഒ.ടി. വ്യവസ്ഥയിൽ സംസ്ഥാനത്ത് ഏതെല്ലാം റോഡുകളാണിപ്പോൾ വികസിപ്പിക്കാനുദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിക്കപ്പെട്ടിട്ടുണ്ട്;

(ഡി) സ്ഥലം ഏറ്റെടുപ്പ് നടപടികൾ എപ്പോൾ പൂർത്തിയാകും ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## പാലിയക്കര ടോൾപ്ലാസായെ മോഡൽ പ്ലാസയായി പ്രഖ്യാപിക്കാൻ നടപടി

1109 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തിൽ വരുന്ന എൻ.എച്ച്.47-ൽ ടോൾ പിരിക്കുന്നതിലുള്ള പ്രദേശത്തെ ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അരൂർ പഞ്ചായത്തിൽ ഒരു മോഡൽ ടോൾ പ്ലാസ ചെയ്തത്പോലെ നെന്മണിക്കര പഞ്ചായത്തിലെ പാലിയക്കരയിലുള്ള ടോൾ പ്ലാസയേയും മോഡൽ ടോൾ പ്ലാസയായി പ്രഖ്യാപിച്ച് ടോൾ പിരിവിൽ നിന്നും ഒഴിവാക്കുമോ?

## അമരവിള പാലത്തിന്റെ ടോൾപിരിവിൽ നിന്ന് പ്രാദേശിക വാഹനങ്ങളെ ഒഴിവാക്കാൻ നടപടി

1110 ശ്രീ. എ.പി. അബ്ദുളളക്കുട്ടി

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ അമരവിള പുതിയപാലത്തിന്റെ നിർമ്മാണ ചെലവെത്ര; ഇവിടെ ടോൾ പിരിവ് തുടങ്ങിയിട്ട് എത്ര വർഷമായി; ഇനി എത്ര വർഷം കൂടി ടോൾ പിരിക്കേണ്ടിവരും; ഇപ്പോൾ ടോൾ പിരിക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുളളത്; വിശദവിവരം നൽകുമോ;

(ബി) പാലത്തിന് സമീപം താമസിക്കുന്നവർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ പ്രാദേശിക വാഹനങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കണമെന്ന് ഏതെങ്കിലും സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രാദേശിക വാഹനങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര പാഞ്ചിക്കാട്ട് കടവ് പാലത്തിന് ഭരണാനുമതി</u>

1111 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ മൂന്ന് പഞ്ചായത്തിലെയും, മുനിസിപ്പാലിറ്റിയിലെയും ജനതയ്ക്ക് പ്രയോജനം ചെയ്യുന്ന പാഞ്ചിക്കാട്ട് കടവ് പാലം പണിയുന്നതിന്, നിയമസഭാംഗം, പൊതുമരാമത്ത് വകുപ്പിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പാലത്തിന്റെ ആവശ്യകത മനസ്സിലാക്കി, പുതിയ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

പള്ളിക്കമണ്ണടി പാലം നിർമ്മിക്കാൻ നടപടി

1112 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതി നൽകിയതെന്നും, ഏതു വർഷമാണ് അനുമതി ലഭിച്ചതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ഭരണാനുമതി ലഭിച്ചിട്ട് നാളിതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പള്ളിക്കമണ്ണടി പാലം നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അത് എന്താണെന്ന് അറിയിക്കുമോ;

(ഡി) പാലം പണി ആരംഭിക്കുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പിന് സർക്കാർ രേഖാമൂലം നിർദ്ദേശം നൽകേണ്ടതുണ്ടോ;

(ഇ) എങ്കിൽ അതിനുള്ള രേഖകളും അപേക്ഷയും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടുണ്ടോ; അതിന്മേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) ഭൂമി ഏറ്റെടുക്കലിൽ വന്ന കാലതാമസം ഒഴിവാക്കി അടിയന്തിരമായി പാലം നിർമ്മാണം ടെണ്ടർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നെടുങ്ങണ്ട ഒന്നാം പാലത്തിന്റെ നിർമ്മാണത്തിന് നടപടി</u>

1113 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ നെടുങ്ങണ്ട ഒന്നാം പാലത്തിന്റെ നിർമ്മാണത്തിന് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അടങ്കൽ തുക, എഗ്രിമെന്റ് തുക ഇവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തികവർഷത്തിലെ ബജറ്റിൽ ഈ പണിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) പണി പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ ഈ തടസ്സം നീക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മൊയ്തു പാലത്തിന് സമാന്തരമായി പാലം നിർമ്മിക്കാൻ നടപടി</u>

1114 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയെയും-കണ്ണൂരിനെയും ബന്ധിപ്പിക്കുന്ന മൊയ്തു പാലത്തിന് സമാന്തരമായി ഒരു പാലം നിർമ്മിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സമാന്തര പാലത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) മൊയ്തു പാലത്തിന് സമാന്തരമായി നിർമ്മിക്കുന്ന പാലത്തിന്റെ നിർമ്മാണപ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം

1115

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണത്തിന്റെ പുരോഗതി ഏതു ഘട്ടംവരെയായി എന്നു അറിയിക്കാമോ; ആയതിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് ജോലികൾ പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ; പാലം പണി ടെണ്ടർ ചെയ്യുന്നതിന് കാലതാമസം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) നെടുമ്പ്രക്കാട് - വിളക്കുമരം പാലനിർമ്മാണം എത്ര മാസം കൊണ്ട് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കുമോ; ആയതിന്റെ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പുല്ലിക്കടവ് പാലത്തിന്റെ പണി ത്വരിതഗതിയിൽ പൂർത്തീകരിക്കാൻ നടപടി</u>

1116 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര പഞ്ചായത്തിനെ കോഴിക്കോട് ജില്ലയുമായി ബന്ധിപ്പിക്കുന്ന പുല്ലിക്കടവ് പാലം 2011 ഡിസംബറിൽ പൂർത്തീകരിക്കേണ്ടതാണെന്ന് ശ്രദ്ധയിലുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ പണി ഇപ്പോൾ വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത കരാറുകാരുടെ പേരിൽ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പണി നീട്ടികൊണ്ടുപോയി എസ്റ്റിമേറ്റ് തുകയെക്കാൾ ഭീമമായ തുക സർക്കാരിൽ നിന്ന് ഈടാക്കുവാനുള്ള ശ്രമം നടത്തുന്ന കരാറുകാരെ നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ - മുനമ്പം പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി</u>

1117 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ - മുനമ്പം റോഡിൽ ജിഡയുടെ ഡെപ്പോസിറ്റ് വർക്കായ എട്ട് സമാന്തര പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>എരഞ്ഞോളിപ്പാലം പുതിക്കിപ്പണിയുന്നതിന് നടപടി</u>

1118 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തലശ്ശേരി-കൂര്‍ഗ്ഗ് പാതയിലെ എരഞ്ഞോളിപ്പാലം തകര്‍ന്ന് വീഴാറായ അവസ്ഥയിലാണെന്നും പുതിയ പാലം നിര്‍മ്മിക്കണമെന്നും അതു വഴി കടന്നു പോകുന്ന അമിതഭാരമുള്ള വണ്ടികള്‍ വഴിമാറ്റി വിടണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിന്മേല്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) എരഞ്ഞോളിപ്പാലം പുതുക്കിപ്പണിയുന്ന പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാന്‍ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ചേലക്കര, പഴയന്നൂര്‍, വരവൂര്‍, പാമ്പാടി ഹയര്‍ സെക്കണ്ടറി സ്കൂളുകളില്‍ പുതിയ കെട്ടിടം നിര്‍മ്മിക്കാന്‍ നടപടി</u>

1119 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര, പഴയന്നൂര്‍, വരവൂര്‍, പാമ്പാടി എന്നിവിടങ്ങളിലെ ഹയര്‍ സെക്കന്ററി സ്കൂളുകള്‍ക്ക് പുതിയ കെട്ടിടങ്ങള്‍ നിര്‍മ്മിക്കുന്നതിന് മുന്‍സര്‍ക്കാരിന്റെ കാലത്ത് ഭരണാനുമതി നല്‍കി ഫണ്ടനുവദിച്ചിട്ടുളള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂള്‍ കെട്ടിടങ്ങളുടെ നിര്‍മ്മാണ നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിര്‍മ്മാണം ആരംഭിക്കുന്നതിലുളള കാലതാമസത്തിന് കാരണങ്ങള്‍ വെളിപ്പെടുത്തുമോ;

(ഡി) ക്ലാസ് മുറികളുടെ അഭാവത്തില്‍ ബുദ്ധിമുട്ടുന്ന പ്രസ്തുത സ്കൂളുകളില്‍ സമയബന്ധിതമായി കെട്ടിട നിര്‍മ്മാണം പൂര്‍ത്തിയാക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലങ്ങളിലെ പൊതുമരാമത്ത് പ്രവര്‍ത്തനങ്ങള്‍ വിലയിരുത്താന്‍ യോഗം</u>

1120 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

നിയോജകമണ്ഡലങ്ങളിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍ സംബന്ധിച്ച വിലയിരുത്തല്‍ നടത്തുന്നതിന് എം.എല്‍.എ. മാരുടെ അദ്ധ്യക്ഷതയില്‍ യോഗം വിളിച്ചു ചേര്‍ക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ ഇതു സംബന്ധിച്ച സര്‍ക്കാര്‍ ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ; ഇപ്രകാരം ഏതൊക്കെ മണ്ഡലങ്ങളില്‍ വിലയിരുത്തല്‍ യോഗം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കുന്നംകുളം മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിക്കാൻ നടപടി</u>

1121 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിൽ പൊതു മരാമത്ത് വകുപ്പിനുകീഴിൽ ഏതൊക്കെ റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടന്നുവരുന്നത്;

(ബി) ഓരോ റോഡുകളുടെയും പ്രവൃത്തി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ മരാമത്ത് പണികൾ</u>

1122 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ റോഡ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കായംകുളം കാർത്തികപ്പള്ളി റോഡ് രണ്ടു ലൈൻ റോഡായി പുനരുദ്ധരിക്കുന്ന ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) കായംകുളം ഗവ: വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(ഡി) 2.76 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ജുഡീഷ്യൽ കോംപ്ലക്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എഫ്) കായംകുളം മണ്ഡലത്തിൽ അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മിനി സിവിൽസ്റ്റേഷൻ</u>

1123 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) പുതുക്കിയ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി ചീഫ് എഞ്ചിനീയർ ആഫീസിൽ എത്തിയത് എന്നാണ്;

(ഡി) പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയത് എന്നാണ്;

(ഇ) പ്രസ്തുത ജോലി റീ-ടെൻഡർ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മേപ്പയൂർ പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണം</u>

1124 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിന് എത്ര തുക വകയിരുത്തി എന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) കെട്ടിടം പണി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കോട്ടത്തറക്ഷേത്രം മുതല്‍ ചമ്രവട്ടം പ്രൊജക്ട് ഓഫിസ് വരെ കാന നിര്‍മ്മിക്കുന്നതിന് നടപടി</u>

1125 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാനി - തവനൂര്‍ ദേശീയ പാതയില്‍ കോട്ടത്തറ ക്ഷേത്രം മുതല്‍ ചമ്രവട്ടം പ്രോജക്ട് ഓഫീസ് വരെ മഴക്കാലത്ത് ഏകദേശം 6 മാസത്തോളം വെള്ളം കെട്ടി നില്‍ക്കുന്നത് മൂലം ജനങ്ങള്‍ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത സ്ഥലത്ത് കാന നിര്‍മ്മിച്ച് വെള്ളം ഭാരതപ്പുഴയിലേക്ക് ഒഴുക്കി വിടാന്‍ നടപടി സ്വീകരിക്കുമോ; എങ്കില്‍ എന്നത്തേക്ക് നിര്‍മ്മാണം തുടങ്ങാനാകും?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>തുറവൂർ താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം</u>

1126 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറവൂർ താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി എത്ര രൂപയ്ക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തോ; ഇല്ലെങ്കിൽ ടെൻഡർ നടപടികൾ നിർത്തി വച്ചിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## കുണ്ടറയിൽ പൈപ്പ് പൊട്ടി റോഡ് നശിക്കുന്നതിന് പരിഹാര നടപടി

1127 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ എം.എൽ.എ. റോഡിൽ കുണ്ടറ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പ്മാറ്റം മൂലം പൈപ്പ് പൊട്ടി റോഡ് തകരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് ലൈനിലെ വാൽവ് സ്ഥാപിക്കുന്നതിനായി റോഡിൽ ഉയർത്തിയ കോൺക്രീറ്റ് സ്ലാബ് സ്ഥാപിച്ചിരിക്കുന്നത് ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് കൈക്കൊള്ളുന്നത് ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വള്ളിക്കുന്ന് റെയിൽവേ സ്റ്റേഷന് സമീപം ആർ.ഒ.ബി./ആർ.യു.ബി. നിർമ്മാണത്തിന് നടപടി</u>

1128 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഹിൽവേ സ്റ്റേഷന് സമീപം ആർ.ഒ. ബി./ആർ.യു.ബി. നിർമ്മിക്കുവാനുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് വില്ലേജുകളിലെ ആളുകളെ വിഭജിച്ച് നിർത്തുന്ന അവസ്ഥ മാറ്റിയെടുക്കുവാൻ ഈ ആവശ്യം അംഗീകരിക്കേണ്ടതാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ആർ.ഒ.ബി./ആർ.യു.ബി. നിർമ്മിക്കുന്നതിനാവശ്യമായ പണം റെയിൽവേയ്ക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആനങ്ങാടിയിൽ ഒരു ഫ്ളൈ ഓവർ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വൈപ്പിന്‍ മണ്ഡലത്തിലെ കോണ്‍വെന്റ് ബീച്ച് പാലം നിര്‍മ്മാണത്തിന് നടപടി</u>

1129 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തിലെ കോണ്‍വന്റ് ബീച്ച് പാലം നിര്‍മ്മാണത്തിന് മണ്ഡലത്തിലെ എം.എല്‍.എ. സമര്‍പ്പിച്ച നിവേദനത്തിന്മേല്‍ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിലെ പുത്തന്‍വേലിക്കര - സ്റ്റേഷന്‍കടവ് പാലത്തിന്റെ നിര്‍മ്മാണം എന്നാരംഭിക്കുവാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) വടക്കേക്കര മണ്ഡലത്തിലെ പൊയ്യ - തിരുത്തൂര്‍ പാലത്തിന്റെ നിര്‍മ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ കോഴിബസാർ - സുൽത്താൻതോട് പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണം</u>

1130 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളെ മറ്റു പ്രദേശങ്ങളുമായി കൂട്ടിയോജിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പാലമായ കോഴിബസാർ - സുൽത്താൻ തോട് പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണം സ്തംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങളുടെ റിവ്യൂ</u>

1131 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മരാമത്ത് വകുപ്പ്മന്ത്രി എന്ന നിലയില്‍ എല്ലാ ജില്ലകളിലേയും നിര്‍മ്മാണ പ്രവര്‍ത്തനങ്ങളെ സംബന്ധിച്ച് ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിലയിരുത്തല്‍ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ ഇനി ഏതെല്ലാം ജില്ലകളിലാണ് വിലയിരുത്തല്‍ നടത്താനുള്ളത്;

(ബി) കൊല്ലത്തെ റിവ്യൂ മീറ്റിംഗ് മാറ്റി വയ്ക്കാനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ജനപ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങളുടെ റിവ്യൂ</u>

1132 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലെയും നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനപ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏതെല്ലാം ജില്ലകളിലാണ് വിലയിരുത്തൽ നടത്താനുള്ളത്;

(ബി) കൊല്ലത്തെ റിവ്യൂ മീറ്റിംഗ് മാറ്റിവയ്ക്കാനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

**29.09.2011 -ലെ മറുപടിക്ക്**

തുറവൂർ-വളമംഗലം-തൈക്കാട്ടുശ്ശേരി പാലത്തിന് ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ വിശദാംശം

1133 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ-പമ്പാ പാതയിൽ തുറവൂർ-വളമംഗലം-തൈക്കാട്ടുശ്ശേരി പാലത്തിന് എത്ര രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; നേരേകടവ്-വടക്കേകടവ് പാലത്തിന് എത്ര രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; എത്ര തുക വക കൊള്ളിച്ചിട്ടുണ്ട്;

(സി) തുറവൂർ വളമംഗലം -തൈക്കാട്ടുശ്ശേരി പാലത്തിന്റെ ഡിസൈൻ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; ഇൻവെസ്റ്റിഗേഷൻ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിന് ഫണ്ട് നൽകിയത് എപ്രകാരമാണ്;

(ഡി) നബാഡ് പ്രവർത്തികളുടെ ലിസ്റ്റിൽ എപ്പോഴെങ്കിലും ഈ പദ്ധതി ഉൾപ്പെടുത്തിയിരുന്നോ; എന്തുകൊണ്ടാണ് അതുപ്രകാരം നിർമ്മാണ പ്രവർത്തികൾ നടത്താൻ കഴിയാതെ പോയത്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>തുറവൂർ പമ്പാ പാതയിലെ പാലങ്ങളുടെ അപ്രോച്ച് റോഡ്</u>

1134 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറവൂർ-പമ്പാ പാതയിൽ തുറവൂർ തൈക്കാട്ടുശ്ശേരി നേരേക്കടവ്-വടക്കേക്കടവ് പാലങ്ങളുടെ നിർമ്മാണത്തിന് എത്ര രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിരിക്കുന്നത്; ഈ പാലങ്ങളുടെ ഡിസൈനും എസ്റ്റിമേറ്റും ആരാണ് തയ്യാറാക്കിയത്; തയ്യാറാക്കുന്നതിന് നിർദ്ദേശം എന്നാണ് നൽകിയത്; ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി എന്നാണ് സർക്കാരിന് നൽകിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തുറവൂർ-തൈക്കാട്ടുശ്ശേരി പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതു സംബന്ധിച്ച പി.ഡബ്ല്യു.ഡി ഫയൽ നമ്പർ 19067/2011 റ02.09.2011 മേൽ സർക്കാർ ഉത്തരവായോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഉത്തരവാകും; ഈ പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക പ്രത്യേക ധനസഹായമായി നബാഡ് നൽകാമെന്ന് അറിയിച്ച സാഹചര്യത്തിൽ □ഫാസ്റ്റ് ട്രാക്കിൽ□ പെടുത്തി സ്ഥലമേറ്റെടുക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ഷൊർണ്ണൂർ മുറിയൻകണ്ണിപാലം പൂർത്തീകരിക്കാൻ നടപടി

1135 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ മുറിയൻകണ്ണിപാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പാലത്തിന്റെ പണി എന്ന് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ ?

വട്ടോളി പാലം നബാർഡ് ധനസഹായത്താൽ നിർമ്മിക്കാൻ അനുമതി

1136 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നബാർഡിന്റെ അനുമതിക്കായി സമർപ്പിച്ച് അനുമതി കാത്തിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ;

# കേരള നിയമസഭ

## 29.09.2011-ലെ മറുപടിക്ക്

(സി) കണ്ണൂർ ജില്ലയിലെ വട്ടോളി പാലം നിർമ്മാണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭിക്കുന്നതിനാവശ്യമായ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മൊയ്തുപാലം നിർമ്മിക്കുന്നതിന് നടപടി</u>

1137 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിലെ മൊയ്തുപാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

കൂളിയാട് കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ നടപടി

1138 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കൂളിയാട് കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടീട്ടുണ്ടോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയ ഈ പാലത്തിന്റെ പ്രവൃത്തിക്ക് ഇതുവരെ ഡിസൈൻ തയ്യാറാക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം മുടങ്ങിക്കിടക്കുന്ന ഈ പാലത്തിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പാലത്തിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ധര്‍മ്മടം മണ്ഡലത്തില്‍ പുതിയ പാലം</u>

1139 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം മണ്ഡലത്തിലെ ചേക്കുപ്പാലം അപകടാവസ്ഥയിലായത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇവിടെ പുതിയ പാലം നിര്‍മ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>തരൂർ - ഒറ്റപ്പാലം ഞാവിളിൽകടവ് പാലം നിർമ്മിക്കുന്നതിന് നടപടി</u>

1140 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തരൂർ - ഒറ്റപ്പാലം അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് ഭാരതപ്പുഴക്ക് കുറുകെ ഞാവിളിൽകടവ് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വർക്ക് ടെൻഡർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(ബി) അനുമതി നൽകിയിട്ടുണ്ടെങ്കിൽ പാലം പണി എന്ന് ആരംഭിക്കാൻ കഴിയും ;

(സി) ഇതിനുള്ള സ്പെഷ്യൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി</u>

1141 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയമസഭാ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കൂട്ടുംവാതുക്കൽക്കടവ് പാലം, മുട്ടേൽപാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കായംകുളം കനീസാകടവ് പാലത്തി
ന്റെ പുരോഗതി വിശദമാക്കാമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>തണത്ര പാലത്തിന്റെ നിർമ്മാണം</u>

1142 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ, തൃശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തണത്ര പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും ;

(ബി) ഈ പാലത്തിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ് ;

(സി) വളരെയധികം ഗതാഗത പ്രാധാന്യമുള്ള തണത്ര പാലത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണം</u>

1143

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഓഫീസിലാണ് പുരോഗമിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ചേളാരി, യൂണിവേഴ്സിറ്റി പരിസരത്ത് റസ്റ്റ് ഹൗസ് നിർമ്മാണം</u>

1144 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളളിക്കുന്ന് മണ്ഡലത്തിലെ ചേളാരിയിലോ യൂണിവേഴ്സിറ്റി പരിസരത്തോ ഒരു റസ്റ്റ് ഹൗസ് സ്ഥാപിക്കുവാൻ പൊതുമരാമത്ത് വകുപ്പ് തുടങ്ങിവെച്ച നടപടികൾ ഏതു ഘട്ടം വരെയായി;

(ബി) മലപ്പുറം ജില്ലാ കളക്ടർ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത മണ്ഡലത്തിലോ പരിസരപ്രദേശങ്ങളിലോ ഒരു റസ്റ്റ് ഹൗസ് ഇല്ലാത്തതിനാൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

കരുനാഗപ്പള്ളി ഗസ്റ്റ്ഹൗസ് കോംപ്ലക്സിന്റെ പൂർത്തീകരണം

1145

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കരുനാഗപ്പള്ളിയിലെ ഗസ്റ്റ്ഹൗസ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനു കാരണമെന്താണ്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

മണലൂർ നിയോജകമണ്ഡലത്തിലെ മരാമത്ത് പണികൾ

1146 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ പുതുക്കിയ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ മണലൂർ നിയോജകമണ്ഡലത്തിൽ ഏറ്റെടുക്കുന്ന പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും ഇപ്പോൾ പദ്ധതി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(സി) മുൻ ബജറ്റുകളിൽ അനുവദിച്ചതും ഇപ്പോൾ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോൾ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>റോഡ് കയ്യേറി വാഹനം പാർക്ക് ചെയ്യുന്നത് തടയാൻ നടപടി</u>

1147 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരമുൾപ്പെടെയുള്ള കേരളത്തിലെ ദേശീയപാതകളിൽ, റോഡ് വികസനത്തിന്റെ പ്രയോജനം നിരർത്ഥകമാക്കുന്നതരത്തിൽ ഫുട് പാത്തുകൾപോലും കൈയ്യേറി വാഹനങ്ങൾ റോഡിൽ പാർക്കുചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫുട്പാത്തുകളിലും തിരക്കുള്ള റോഡുകളിലും വാഹനം പാർക്കുചെയ്യുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; ഇത്തരത്തിൽ എത്രകേസ്സുകൾ 2010-11 വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിന് കുറ്റക്കാർക്ക് നൽകുന്ന ശിക്ഷ എന്താണ്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ടോൾ പിരിക്കുന്നതിന്റെ മാനദണ്ഡം</u>

1148 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങൾക്കും, റോഡുകൾക്കും ടോൾ പിരിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(ബി) മുടക്കുമുതൽ മുഴുവൻ പിരിഞ്ഞുകിട്ടിയിട്ടും വീണ്ടും ടോൾ പിരിക്കുന്ന പാലങ്ങൾ സംസ്ഥാനത്ത് ഉണ്ടോ;

(സി) പട്ടാമ്പി, പെരിന്തൽമണ്ണ സംസ്ഥാന പാതയിലെ തകർന്നുവീണ പുലാമന്തോൾ പാലം കേരള റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ പുനഃനിർമ്മാണം നടത്തിയതിന് ചെലവായ തുക എത്രയാണ്;

(ഡി) ഇതുവരെ ടോൾ വകയിൽ എത്രരൂപ പിരിഞ്ഞുകിട്ടി എന്ന് വ്യക്തമാക്കുമോ;

(ഇ) മുടക്കുമുതൽ ലഭിച്ചു കഴിഞ്ഞുവെങ്കിൽ ടോൾ പിരിവ് അവസാനിപ്പിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>തലപ്പാറയിലെ അപകടനിവാരണം</u>

1149 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ-17 ലെ തലപ്പാറയിൽ റോഡ് വീതി കുട്ടുവാനും, സംരക്ഷണ ഭിത്തി കെട്ടുവാനും അപകട നിവാരണത്തിനും ശാശ്വതപരിഹാരം കാണാനും നടപടി സ്വീകരിക്കുമോ;

(ബി) മരാമത്ത് വകുപ്പ് വക റോഡുകളിലും, നാഷണൽ ഹൈവേകളിലും ആവശ്യമായ വഴിയടയാളങ്ങളോ, മുന്നറിയിപ്പ് ബോർഡുകളോ സ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

പ്രധാന നഗരങ്ങളിലെ യാത്രാസൗകര്യങ്ങൾ വികസിപ്പിക്കുന്ന നടപടി

1150

ശ്രീ. പി. കെ. ഗുരുദാസൻ
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിലെ യാത്രാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ റോഡുകൾ, മേൽപാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും നിലവിലുള്ള റോഡുകളുടെ വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനും 2011-12 ബഡ്ജറ്റിൽ പ്രാഥമിക ചെലവുകൾക്ക് വേണ്ടി തുക അനുവദിച്ചിരുന്നുവോ; ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) കൊല്ലം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി കൊല്ലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ വരെ എത്തി നിൽക്കുന്ന ആശ്രാമം ലിങ്ക് റോഡ്, പുതിയ പാലവും ഫ്ളൈഓവറും നിർമ്മിച്ചു തോപ്പിൽകടവുവരെയെത്തുന്ന പുതിയ പാത നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവർത്തികൾ</u>

1151 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് നിർമ്മാണപ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കുട്ടനാട് താലൂക്കിലെ മരാമത്ത് ജോലികൾ</u>

1152 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽ, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എടത്വ സബ് ട്രഷറി നിർമ്മാണം, പുളിങ്കുന്ന് താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കണ്ടങ്കരിപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

1153 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ ഒന്നാം നില നിർമ്മാണത്തിനും, ചുറ്റുമതിൽ നിർമ്മാണത്തിനുമായി എത്ര രൂപയാണ് അനുവദിച്ചിരുന്നത്; പണി പൂർത്തീകരിക്കേണ്ട കാലാവധി എന്നാണ്;

(ബി) നിലവിൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ ജോലികളുടെ പുരോഗതി അറിയിക്കുമോ;

(സി) ഇലക്ട്രിക്കൽ വർക്ക് ഉൾപ്പെടെ എല്ലാ ജോലികളും പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ഉദ്ഘാടനം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലാടിസ്ഥാനത്തിലെ റോഡുകളുടെ പ്രവൃത്തികളുടെ വിശദാംശം</u>

1154 **ശ്രീ. കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ നിയമസഭാ സമ്മേളനത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള റോഡുകളുടെ പണികൾ ഇതിനകം എത്ര മണ്ഡലത്തിൽ ഏറ്റെടുത്തുവെന്ന് വിശദമാക്കുമോ;

(ബി) എല്ലാ മണ്ഡലങ്ങളിൽ നിന്നും പ്രപ്പോസൽ ലഭിച്ചിട്ടുണ്ടോ; ലഭിച്ചവയ്ക്ക് ഭരണാനുമതി നൽകി ജോലി തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്

1155 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുതിയ കെട്ടിടനിർമ്മാണത്തിന് 14.7.2009-ൽ പൊതുമരാമത്ത് വകുപ്പ് (ഉത്തരവ് നമ്പർ1046/2009/പി.ഡബള്യു.ഡി) നൽകിയ ഭരണാനുമതി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?